തദ്ദേശഭരണ സെക്രട്ടറിമാർക്ക് കാലാവധി നോക്കാതെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകാൻ നടപടി

220 [3192] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്ത വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുവാൻ കാസർഗോഡ് മുതൽ ഉള്ളവർ തിരുവനന്തപുരത്ത് വന്ന് മാസങ്ങളോളം അനുമതിക്കുവേണ്ടി കാത്തുകിടക്കുന്നു എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ രേഖകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സെക്രട്ടറിമാർക്ക് കാലാവധി നോക്കാതെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ ജില്ലാതല ഉദ്യോഗസ്ഥനെയെങ്കിലും ഈ ചുമതല ഏല്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്ത വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ?

ഉത്തരം

(എ) 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾപ്രകാരം ഹിന്ദുവിവാഹം നടന്ന് മുപ്പത് ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതിനും വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഇപ്പോൾ അധികാരമുണ്ട്. മുപ്പത് ദിവസം കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകൾപ്രകാരം, വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോൾ അനുമതി നൽകുന്നത് പഞ്ചായത്ത് ഡയറക്ടറാണ്. ഇത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹിന്ദു വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മുപ്പത് ദിവസക്കാലാവധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് പഞ്ചായത്ത് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്നതിനായി 1957-ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) വിവാഹം യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സംഗതികളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുകളിൽ പറഞ്ഞവിധം ചട്ടങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly